കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗ് യൂണിറ്റുകളിലെ ബോഡി നിർമ്മാണം

57(1019) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബോഡി ബിൽഡിംഗ് യൂണിറ്റുകൾ പ്രതിദിനം എത്ര ബസ്സുകളാണ് ബോഡി നിർമ്മിച്ച് പുറത്തിറക്കുന്നത്;

(ബി) ഏതെങ്കിലും പ്രത്യേക പദ്ധതി പ്രകാരമാണോ ഈ സംവിധാനമെന്ന് വ്യക്തമാക്കുമോ;

(സി) ആ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ മറ്റേതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെ ബോഡി ബിൽഡിംഗ് ഏൽപ്പിക്കുന്നുണ്ടോ;

(ഇ) തിരുവനന്തപുരം റബ്ബർ വർക്സ്, സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങളെ ഈ ജോലി ഏൽപ്പിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാപ്പനംകോട് സെൻട്രൽ വർക്ക്സ്, ആലുവ, മാവേലിക്കര, കോഴിക്കോട് ഇടപ്പാൾ റീജിയണൽ വർക്ക്ഷാപ്പുകൾ എന്നിവിടങ്ങളിൽ നിന്നുമായി പ്രതിദിനം 3 ബസ്സുകൾ പുറത്തിറക്കാറുണ്ട്.

(ബി)&(സി) ഈ വർഷം 1200 ബസ്സുകൾ പുതുതായി പുറത്തിറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിനനുസരിച്ചാണ് ബസ് ബോഡി നിർമ്മാണം ക്രമീകരിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ഇല്ല.

കെ.എസ്.ആർ.ടി.സി. യുടെ വരുമാനം

58 (1023)ശ്രീ. എം. നാരായണൻ(കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വരുമാനം, ശരാശരി പ്രതിദിന ചെലവ് എന്നിവ എത്ര വീതം എന്നുവെളിപ്പെടുത്തുമോ;

(ബി) അടുത്തകാലത്തുണ്ടായ ചാർജ്ജ് വർദ്ധനവിന് ശേഷം പ്രതിദിന വരുമാനത്തിൽ എത്രലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(സി) കെ.എസ്.ആർ.ടി.സി. യുടെ ബസ്-തൊഴിലാളി അനുപാതം ഇപ്പോൾ എത്രയാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോഴത്തെ ശരാശരി പ്രതിദിന വരുമാനം 155 ലക്ഷം രൂപയാണ്. ശരാശരി പ്രതിദിന ഓപ്പറേറ്റിംഗ് ചെലവ് 149 ലക്ഷം രൂപയും പെൻഷൻ തുടങ്ങി നോൺ ഓപ്പറേറ്റിംഗ് ഇനത്തിൽ 22 ലക്ഷം രൂപയും ചെലവുണ്ട്.

(ബി) ചാർജ്ജ് വർദ്ധനവിനുശേഷം പ്രതിദിന വരുമാനത്തിൽ ശരാശരി 38 ലക്ഷം രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly